Government of Kerala
കേരള സർക്കാർ
2009

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011


# KERALA GAZETTE
# കേരള ഗസറ്റ്

## EXTRAORDINARY
## അസാധാരണം

## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്


| | | | |
|---|---|---|---|
| Vol. LIV<br>വാല്യം 54 | Thiruvananthapuram,<br>Monday<br>തിരുവനന്തപുരം,<br>തിങ്കൾ | 18th May 2009<br>2009 മെയ് 18<br>28th Vaisakha 1931<br>1931 വൈശാഖം 28 | No. 880<br>നമ്പർ 880 |


## കേരള സർക്കാർ

### പൊതുമരാമത്ത് (ജി) വകുപ്പ്

### വിജ്ഞാപനം

നമ്പർ 5561/ജി2/2009/പൊ.മ.വ. *തിരുവനന്തപുരം, 2009 ഏപ്രിൽ 8.*

**എസ്. ആർ. ഒ. നമ്പർ 377/2009.**—1999-ലെ കേരള ഹൈവേ സംരക്ഷണ ആക്റ്റിന്റെ (2000-ലെ 6) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ താഴെ പട്ടികയിൽ പരാമർശിച്ചിരിക്കുന്ന റോഡ് ഹൈവേ ആയി ഇതിനാൽ പ്രഖ്യാപിക്കുകയും, പ്രസ്തുത ആക്റ്റിന്റെ ആവശ്യത്തിലേക്കായി സംസ്ഥാന ഹൈവേ ആയി അതിനെ തരംതിരിക്കുകയും ചെയ്യുന്നു.

പട്ടിക

| *ക്രമ നമ്പർ* | *റോഡിന്റെ പേര്* | *സംസ്ഥാന ഹൈവേ നമ്പർ* |
|---|---|---|
| (1) | (2) | (3) |
| | കുറാഞ്ചേരി-വേലൂർ റോഡ് | എസ്. എച്ച്. 76 |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ടോം ജോസ്,
*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

33/1577/2009/DTP.

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1999-ലെ കേരള ഹൈവേ സംരക്ഷണ ആക്റ്റ് 3-ാം വകുപ്പ് ( )-ാം ഉപവകുപ്പ് പ്രകാരം ഏതു റോഡോ, പാതയോ അല്ലെങ്കിൽ അതിനോടു ചേർന്നു കിടക്കുന്ന ഭൂമിയോ ഹൈവേ ആയി പ്രഖ്യാപിക്കുന്നതിനും അതിനെ ഒരു സംസ്ഥാന ഹൈവേയായോ അല്ലെങ്കിൽ മറ്റേതെങ്കിലും റോഡായോ തരംതിരിക്കുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുന്നു. വിജ്ഞാപനത്തിലെ പട്ടികയിൽ പരാമർശിച്ചിരിക്കുന്ന റോഡ് ഹൈവേയായി പ്രഖ്യാപിക്കുന്നതിനും അതിനെ ഒരു സംസ്ഥാന ഹൈവേയായി തരംതിരിക്കുന്നതിനും സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ആവശ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.